**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *480      24.10.2016 ൽ മറുപടിക്ക്

## ആർദ്രം മിഷൻ കർമ്മപദ്ധതി

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മൂട്ടി<br>ഡോ.എം. കെ. മുനീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 'ആർദ്രം മിഷൻ' എന്നൊരു കർമ്മപദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തൊക്കെ അധിക സേവനങ്ങളാണ് ഇതിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ കൂടുതൽ രോഗീ സൗഹൃദമാക്കാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ല/ജനറൽ ആശുപത്രികൾ വരെയുള്ള ആരോഗ്യ വകുപ്പിലെ ആശുപത്രികളെ ശക്തിപ്പെടുത്താനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഉദ്ദേശിക്കുന്നുണ്ട്. താഴെപ്പറയുന്ന ഘടകങ്ങളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. ഒ.പി.സംവിധാനം കാര്യക്ഷമമാക്കാനും ഒ.പി ട്രാൻസ്ഫർമേഷൻ, ആശുപത്രിയിലെ പ്രധാന സേവന സ്ഥലങ്ങളായ ഐ.പി.വാർഡുകൾ, ലേബർ റൂമുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഫാർമസി, ലബോറട്ടറി തുടങ്ങിയവയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തലും, രോഗീ സൗഹാർദ്ദമാക്കലും.<br>2. ആരോഗ്യ വകുപ്പിലെ ജില്ല, താലൂക്ക്, ബ്ലോക്ക് പഞ്ചായത്ത്തല ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിതമായ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്തൽ. ഇതിന്റെ ഭാഗമായി ആശുപത്രികളിൽ അധികമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ പുതുതായി തസ്തികകൾ സൃഷ്ടിക്കൽ എന്നിവയും ഉദ്ദേശിക്കുന്നു.<br>3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകൾ ആക്കി മാറ്റൽ: |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് രോഗാതുരതയിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖല കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് അധിക പരിശീലനം നടത്തിക്കൊണ്ടും, പി.എച്ച്.സി.കളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടും ഈ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എല്ലാ ആശുപത്രികളിലും ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഘട്ടംഘട്ടമായി ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ